ഭരണഭാഷ-മാതൃഭാഷ

**വ്യാവസായിക പരിശീലന വകുപ്പ്**

**(കേരള സംസ്ഥാനം)**

തൊഴില് ഭവന്, തിരുവനന്തപുരം- 1

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(നിലവില്: ജാസ്മിന് ബി, കെ എ എസ്)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് –ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം –ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികയുടെ പൊതു സ്ഥലം മാറ്റം -2023- അനോമലി അപേക്ഷകൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) 16.08.2023 ലെ DT/3237/2023-A3 നമ്പർ പൊതു സ്ഥലം മാറ്റ ഉത്തരവ്.

2) വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങളിലെ ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാരുടെ അപേക്ഷകൾ.

**********

**ഉത്തരവ് നമ്പർ: DT/3237/2023-A3 തീയതി: 05-10-2023**

പരാമര്ശം 1 പ്രകാരം വ്യവസായിക പരിശീലന വകുപ്പിലെ ക്ലാർക്ക് /സീനിയർ ക്ലാർക്ക് തസ്തികയിലെ പൊതു സ്ഥലം മാറ്റം നടപ്പാക്കി ഉത്തരവായിരുന്നു. ടി ഉത്തരവിന്മേൽ പരാമർശം 2 പ്രകാരം ചുവടെ പറയുന്ന അനോമലി അപേക്ഷകള് ലഭിച്ചിട്ടുണ്ട് . ഇപ്രകാരം ലഭ്യമായിട്ടുള്ള അപേക്ഷകള് പൊതു സ്ഥലം മാറ്റ മാര്ഗ്ഗ നിര്ദ്ദേശങ്ങളുടെ അടിസ്ഥാനത്തില് പരിശോധിച്ച്, ചുവടെ പറയും പ്രകാരം പരിഹരിച്ച് ഉത്തരവാകുന്നു.

| ക്രമ നം | പേര് /തസ്തിക / സ്ഥാപനം | ആക്ഷേപം | അനോമലി അപേക്ഷയിൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | മനീഷ ഏണസ്റ്റ് , സീനിയർ ക്ലാർക്ക് ,ഐ.ടി.ഐ കൊട്ടാരക്കര | പൊതു സ്ഥലം മാറ്റത്തിൽ ചന്ദനത്തോപ്പ് ഐ.ടി.ഐ യിലേയ്ക്ക് സ്ഥലം മാറ്റത്തിന് അപേക്ഷിച്ചുവെങ്കിലും ടിയാൻ ഒപ്റ്റ് ചെയ്യാത്ത ബി.റ്റി.സി ചന്ദനത്തോപ്പ് -ലേയ്ക്കാണ് സ്ഥലം മാറ്റം അനുവദിച്ചതെന്നും ടി അപാകത പരിഹരിച്ച് പൊതു സ്ഥലം മാറ്റ മാർഗ്ഗ നിർദ്ദേശങ്ങളിലെ 10 (iii) കണക്കിലെടുത്ത് ഒന്നാമത്തെ ഓപ്ഷനായ ചന്ദനത്തോപ്പ് ഐ.ടി.ഐ യിൽ സ്ഥലം മാറ്റം അനുവദിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്. | ടിയാൾ പൊതു സ്ഥലം മാറ്റത്തിൽ ഒപ്റ്റ് ചെയ്ത ഐ.ടി.ഐ ചന്ദനത്തോപ്പ് എന്ന സ്ഥാപനവും ടിയാൾക്ക് പൊതു സ്ഥലം മാറ്റം അനുവദിച്ച ബി.റ്റി.സി ചന്ദനത്തോപ്പ് എന്ന സ്ഥാപനവും ഒരേ ക്യാമ്പസിൽ ആണ് സ്ഥിതി ചെയ്യുന്നത്. ആയതിനാൽ ടി സ്ഥലം മാറ്റം പൊതു സ്ഥലം മാറ്റ മാർഗ്ഗ നിർദ്ദേശ പ്രകാരമാണ്. നിലവിൽ ഈ സ്ഥാപനത്തിൽ ക്ലാർക്ക് തസ്തികയിൽ തുറന്ന ഒഴിവുകളില്ല. പൊതു സ്ഥലം മാറ്റ മാർഗ്ഗ നിർദ്ദേശങ്ങളിലെ 10 (iii) പ്രകാരം ടിയാൾ ഓപ്റ്റ് ചെയ്തിട്ടുള്ള സ്റ്റേഷനിൽ തന്നെയാണ് സ്ഥലം മാറ്റം അനുവദിച്ചിട്ടുള്ളത് എന്നതിനാൽ അനോമലി അപേക്ഷ പരിഗണിക്കുന്നില്ല. |
| 2 | ശ്രീജ എസ് പിള്ള, സീനിയർ ക്ലാർക്ക്, ഐ.ടി.ഐ (വ) കൊല്ലം | പൊതു സ്ഥലം മാറ്റത്തിൽ സ്ഥലം മാറ്റത്തിനായി അപേക്ഷിച്ചിട്ടില്ല എന്നും നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കിയാതിനാലും കൊട്ടാരക്കര ഐ.ടി.ഐ യുടെ സമീപ പ്രദേശത്ത് താമസിക്കുന്ന ജീവനക്കാരി എന്ന നിലയിൽ കൊട്ടാരക്കര ഐ.ടി.ഐ യിലേയ്ക്ക് മാനദണ്ഡ വിരുദ്ധമായി സ്ഥലം മാറ്റി എന്നും | കൊട്ടാരക്കര ഐ.ടി.ഐ യിലെ ഏക ക്ലാർക്കിനു സ്ഥലം മാറ്റം അനുവദിച്ചതിനാലും,ടി സ്ഥാപനത്തിൽ മറ്റ മിനിസ്റ്റീരിയൽ സൂപ്പർവൈസറി തസ്തികകളോ, ക്ലറിക്കൽ തസ്തികകളോ ഇല്ലാത്തതിനാലും ടി സ്ഥാപനത്തിലേയ്ക്ക് സ്ഥലം മാറ്റത്തിനായി മറ്റ അപേക്ഷകരോ ,പകരം ജീവനക്കാരെ ക്രമീകരിക്കുന്നതിനായി ടി സ്ഥാപനത്തിന്റെ സ്റ്റേഷൻ പരിധിയിൽ മറ്റ ഐ.ടി.ഐ /സ്ഥാപനങ്ങളോ ഇല്ലാത്തതിനാലും പി.എസ്.സി മുഖേന നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥിയെ നിയമിക്കുന്നത് സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തെ |

| | | | |
|---|---|---|---|
| | | ,കൊട്ടാരക്കാര ഐ.ടി.ഐ യിലേയ്ക്ക് യാത്ര സൗകര്യം കുറവാണെന്നും ആയതിനാൽ സ്ഥലം മാറ്റം റദ്ദ് ചെയ്ത് നിലവിലെ സ്ഥാപനത്തിൽ നിലനിർത്തണമെന്നും അപേക്ഷിച്ചിട്ടുണ്ട്. | ബാധിക്കുമെന്നതിനാൽ നിലവിലെ സ്ഥാപനത്തിൽ 4 വർഷത്തിലേറെയായി തുടരുന്ന പരിചയ സമ്പന്നയായ സീനിയർ ക്ലാർക്കും ടി സ്ഥാപനത്തിന്റെ സമീപ വാസിയുമായ ടിയാളെ പൊതു താൽപ്പര്യം കണക്കിലെടുത്ത് ആണ്കൊട്ടാരക്കര ഐ.ടി.ഐ യിലേയ്ക്ക് സ്ഥലം മാറ്റിയത്. ആയതിനാൽ ടിയാളുടെ അനോമലി അപേക്ഷ തൽക്കാലം പരിഗണിക്കുന്നില്ല. |
| 3 | ജെസീന കെ , സീനിയർ ക്ലാർക്ക് ,ഐ.ടി.ഐ ബേപ്പൂർ | പൊതു സ്ഥലം മാറ്റത്തിൽ അപേക്ഷിച്ചിട്ടില്ല എന്നും നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കി എന്ന കാരണം പറഞ്ഞു സ്ഥലം മാറ്റിയിട്ടുണ്ട് എന്നും എന്നാൽ ടിയാൻ നിലവിലെ സ്ഥാപനത്തിൽ 3 വർഷം പൂർത്തിയാക്കിയിരുന്നില്ല എന്നും പൊതു സ്ഥലം മാറ്റ ഉത്തരവ് പുന:പരിശോധിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്. | പൊതു സ്ഥലം മാറ്റ അപേക്ഷ കൾ പരിശോധിക്കുന്ന വേളയിൽ ടിയാൾ നിലവിലെ സ്ഥാപനത്തിൽ 3 വർഷം കഴിഞ്ഞിട്ടുള്ളതായി കാണുവാൻ കഴിഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് അർഹരായ ജീവനക്കാർക്ക് സ്ഥലം മാറ്റം അനുവദിക്കുന്നതിന്റെ ഭാഗമായി സ്ഥലം മാറ്റിയത്.എന്നാൽ അനോമലി അപേക്ഷ പരിശോധിക്കുന്നതിന്റെ ഭാഗമായി ടിയാളുടെ സേവന പുസ്തകത്തിലെ വിവരങ്ങൾ പരിശോധിച്ചപ്പോൾ പൊതു സ്ഥലം മാറ്റ വ്യവസ്ഥകൾ പറയും പ്രകാരം ടിയാൾ നിലവിലെ സ്ഥാപനത്തിൽ 3 വർഷം പൂർത്തിയാക്കിയിരുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. സ്പാർക്കിൽ സർവീസ് ഹിസ്റ്ററി അപ്ഡേറ്റ് ചെയ്തതിലെ പിശക് കാരണമാണ് ഇത്തരത്തിൽ ഒരു അപാകത സംഭവിച്ചത് എന്ന് കാണുന്നു. ടിയാളുടെ അനോമലി അപേക്ഷ പരിഗണിച്ച് ബേപ്പൂർ ഐ.ടി.ഐ യിൽ അടുത്തുണ്ടാകുന്ന വിരമിക്കൽ ഒഴിവിലേയ്ക്ക് ടിയാളെ അർഹതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്. |

മേല്പറയും പ്രകാരം അനോമലി അപേക്ഷകൾ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്/-)

**അഡ്മിനിസ്ട്രേറ്റീവ് ആഫീസര്**

**സ്വീകര്ത്താവ്:**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

**പകര്പ്പ് :**

എല്ലാ യൂണിറ്റ് ഓഫീസർമാർക്കും (ട്രെയിനിംഗ് ഡയറക്ടറേറ്റ് )/എല്ലാ സ്ഥാപന മേധാവികൾക്കും /സ്റ്റോക്ക് ഫയൽ

//ഉത്തരവിന്‍ പ്രകാരം //

സീനിയര്‍ സൂപ്രണ്ട്